**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1591** **08.06.2018- ൽ മറുപടിയ്ക്ക്**

**കീട നാശിനികളുടെ വ്യാപകമായ ദുരുപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കീട നാശിനികളുടെ വ്യാപകമായ ദുരുപയോഗം ചെറുക്കുന്നതിന് കൃഷി വകുപ്പിൽ എൻഫോഴ്സ്മെന്റ് സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) കീടനാശിനികളുടെ വ്യാപകമായ ഉപയോഗം ചെറുക്കുന്നതിന് കൃഷി വകുപ്പിൽ എൻഫോഴ്സ്മെന്റ് സംവിധാനം നിലവിലുണ്ട്.<br>ഫെർട്ടിലൈസർ കൺട്രോൾ ഓഡർ 1985, ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നിവ പ്രകാരം ജൈവരാസവളങ്ങളുടെയും കീടനാശിനികളുടെയും ഉൽപ്പാദന-വിതരണ വിൽപ്പനയും ഗുണനിലവാരവും കൃഷി വകുപ്പ് നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്. കൃഷി വകുപ്പിലെ എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ ശക്തമായ ഇടപെടലിനെതുടർന്ന് സംസ്ഥാനത്തെ കീടനാശിനികളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കാർഷിക സർവ്വകലാശാല നടത്തിയ പരിശോധനയിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ 96% പച്ചക്കറികളും വിഷരഹിതമാണ്. |
| (ബി) എങ്കിൽ അതിന്റെ പ്രവർത്തന രീതി എന്തെന്ന് വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്തെ സാങ്കേതിക യോഗ്യതയുള്ള എല്ലാ കൃഷി ഓഫീസർമാരും ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായി പ്രവർത്തിക്കുന്നു. തങ്ങളുടെ പരിധിയിലുള്ള രാസവള കീടനാശിനി ഡിപ്പോകളിൽ രണ്ടാഴ്ചയിലൊരിക്കൽ ഫെർട്ടിലൈസർ/ ഇൻസെക്ടിസൈഡ് പരിശോധന നടത്തി വരുന്നു. മാത്രമല്ല, രാസവളകീടനാശിനികളുടെ ക്രമവിരുദ്ധമായ വിതരണവും വിൽപ്പനയും നിയന്ത്രിക്കുവാനായി എല്ലാ ജില്ലകളിലും ജില്ലാ |

| | | |
|---|---|---|
| | | വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ തുടർപരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു. ഇതിന് പുറമേ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ (ഇ&ടി) യും, ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ 4 റീജണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ച് എല്ലാ ജില്ലകളിലും അപ്രതീക്ഷിത സന്ദർശനവും ഡിപ്പോ പരിശോധനയും നടത്തിവരുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ (സി.പി) യുടെ നേതൃത്വത്തിലുള്ള സംസ്ഥാന വിജിലൻസ് സ്ക്വാഡിന്റെ പരിശോധനയും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കീട നാശിനികളുടെ ദുരുപയോഗം ചെറുക്കുന്നതിനായി വകുപ്പിൽ ഇതര സംവിധാനങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | (സി) കീട നാശിനികളുടെ ദുരുപയോഗം ചെറുക്കുന്നതിനായി വകുപ്പിലുള്ള സംവിധാനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

A. ഉൽപ്പാദന വിതരണ-വിൽപ്പനയ്ക്കായുള്ള ലൈസൻസിംഗ് സമ്പ്രദായം കർശനമാക്കി. ഇതിന്റെ ഭാഗമായി

(1). ലൈസൻസില്ലാതെയും മറ്റ് അനധികൃത മാർഗ്ഗങ്ങളിലൂടെയും രാസവളങ്ങളും, കീടനാശിനികളും വിറ്റഴിക്കുന്നത് പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. കീടനാശിനികളും മറ്റും, അംഗീകൃത ഡീലർമാരിലൂടെയല്ലാതെ കർഷകർക്കും കർഷക സമിതികൾക്കും നേരിട്ട് നൽകുന്നതും നിർത്തലാക്കി. കൃഷിവകുപ്പിന്റെ അംഗീകാരമില്ലാതെ ഉൽപ്പാദക കമ്പനികളും വിതരണക്കാരും കൃഷിയിടങ്ങളിൽ പരീക്ഷണങ്ങളും, ഡെമോൺസ്ട്രേഷനുകളും നടത്തുന്നതും പൂർണ്ണമായി തടഞ്ഞിട്ടുണ്ട്.

(2). കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട് നിയന്ത്രിത വിഭാഗത്തിൽപ്പെടുന്ന കീടനാശിനികളുടെ വിൽപ്പനയ്ക്ക് കൃഷി ഓഫീസറുടെ ശുപാർശ കുറിപ്പ് നിർബന്ധമാക്കി.

(3). ഡിപ്പോകളിൽ പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനും, സ്റ്റോക്ക് വില വിവരങ്ങൾ പരസ്യമായി പ്രദർശിപ്പിക്കുന്നതിനും, എല്ലാ കർഷകർക്കും നിർബന്ധമായും ക്യാഷ് ബിൽ നൽകുന്നതിനും ഡിപ്പോകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(4). അംഗീകൃത വിൽപ്പനശാലകളിലൂടെയല്ലാതെ ഹാർഡ് വെയർ/പ്ലൈവുഡ് ഷോപ്പുകളിലൂടെ ലൈസൻസ് ഇല്ലാതെയുള്ള കീടനാശിനി വിൽപ്പന തടയുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

(5). സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള മാരക കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് തടയുവാൻ ചെക്ക്പോസ്റ്റുകളിലും മറ്റും ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്.

(6). നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന കർഷകർ ശ്രദ്ധയിൽപ്പെടുന്ന പക്ഷം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ തുടർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

B.അമിത വിഷാംശമുള്ള കീടനാശിനികൾക്ക് പകരമായി വിഷാംശം കുറഞ്ഞ ന്യൂജനറേഷൻ (പുതുതലമുറ) കീടനാശിനികളുടെ ഉപയോഗത്തിന് പ്രാമുഖ്യം നൽകിയിട്ടുണ്ട്.

C. ജൈവകീടനാശിനികളുടെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും സംയോജിത രോഗ-കീടനിയന്ത്രണ മാർഗ്ഗങ്ങൾ, നല്ല കൃഷി പരിപാലനമുറകൾ എന്നിവ നടപ്പിലാക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു.

D. ഡിപ്പോകളിൽ കീടനാശിനികൾ വലിയ പാക്കറ്റുകളിലും, ബോട്ടിലുകളിലും സ്റ്റോക്ക് ചെയ്യുന്നതും വിൽപ്പന നടത്തുന്നതും നിരീക്ഷണവിധേയമാക്കിയിട്ടുണ്ട്.

E. നിരോധിത കീടനാശിനികൾക്കെതിരെ പൊതു അവബോധം വളർത്തി എടുക്കുവാനും, അമിത ഉപയോഗം ഏതാണ്ട് പൂർണ്ണമായി ഒഴിവാക്കുന്നതിനും, ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ/വർക്ക്ഷോപ്പുകൾ എന്നിവ നടത്തിവരുന്നു.

F.കീടനാശിനികളുടെ പ്രദർശനം, സ്റ്റോക്ക് വിൽപ്പന, വിലവിവരപ്പട്ടിക, രജിസ്റ്റർ എഴുതി സൂക്ഷിക്കുക, പുതുതലമുറ കീടനാശിനികൾ, ജൈവകീടനാശിനികൾ തുടങ്ങിയവ വിൽപ്പന നടത്തുന്ന ജില്ലകളിലെ മികച്ച ഡീലറെ കണ്ടെത്തി, അവരുടെ സ്ഥാപനങ്ങൾ " മോഡൽ ഇൻപുട്ട് യൂണിറ്റായി" തെരഞ്ഞെടുത്ത് 15000 രൂപയുടെ പ്രത്യേക പ്രോൽസാഹന സമ്മാനം നൽകിയിട്ടുണ്ട്.

G. മാരക കീടനാശിനികളുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് പുറമേ ഗാർഹിക കീടനാശിനികളുടെ വിതരണത്തിലും വിൽപ്പനയിലും കർശന നിയന്ത്രണം ഏർപ്പെടുത്തി. എല്ലാ ഗാർഹിക കീടനാശിനി വിതരണക്കാരും, കൃഷി വകുപ്പിൽ നിന്നും ലൈസൻസ് നേടിയിരിക്കേണ്ടതും പകർപ്പ് എല്ലാ റീട്ടെയിൽ ഷോപ്പുകളിലും പ്രദർശിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

Sd/-

**സെക്ഷൻ ഓഫീസർ**